# ടി.സി.എസ്. ഐ.ടി. ക്വിസ് ഏഴിന്

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസ് (ടി.സി.എസ്.) കമ്പനി, സ്കൂൾതലത്തിലെ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഐ.ടി. ക്വിസായ 'ടി.സി.എസ്. ഐ.ടി. വിസ് ഒക്ടോബർ 7ന് ഗോകുലം കൺവെൻഷൻ സെൻററിൽ നടത്തും. പ്രീയൂണിവേഴ്സിറ്റി ജൂനിയർ കോളേജ് വിദ്യാർഥികൾ അടക്കം 8 മുതൽ 12 ക്ലാസ് വരെയുള്ള എല്ലാ സ്കൂൾകുട്ടികൾക്കും പങ്കെടുക്കാം. പ്രവേശന ഫീസില്ല. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും രണ്ട് അംഗങ്ങൾ വീതമുള്ള എണ്ണമറ്റ ടീമുകളെ പങ്കെടുപ്പിക്കാം. മത്സരത്തിനുള്ള അപേക്ഷകൾ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി, ഒക്ടോബർ 5ന് മുമ്പ് കിട്ടത്തക്കവിധം ടി.സി.എസ്. ഐ.ടി. വിസ് കോ-ഓർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, തേജോമയ, എൽ ആൻഡ് ടി ടെക്പാർക്ക് ലിമിറ്റഡ്, ഇൻഫോപാർക്ക് കാമ്പസ്, കുസുമഗിരി പി.ഒ., കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ അയണം. ഫോൺ 0484 6618081, (ഫാക്സ്) 0484 6645255, (ഇ-മെയിൽ) limi.rose@tcs.com. www.tcsitwiz.com. വഴിയും രജിസ്റ്റർ ചെയ്യാം